**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 107** **10-10-2024 - ൽ മറുപടിയ്ക്ക്**

**വര്‍ണ്ണക്കൂടാരം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചര്‍ ,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ വി ശിവന്‍കുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പ് മന്ത്രി) | |
| (എ) | പ്രീപ്രൈമറി സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയര്‍ത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്; | (എ) | പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയര്‍ത്താന്‍ സംസ്ഥാനത്ത് സര്‍ക്കാര്‍ നേരിട്ട് നടത്തുന്നതും സര്‍ക്കാര്‍ വിദ്യാലയങ്ങളോട് ചേര്‍ന്ന് പിടിഎ നടത്തുന്ന സര്‍ക്കാര്‍ ഹോണറേറിയം കൈപ്പറ്റുന്ന ജീവനക്കാരുള്ള പ്രീ-പ്രൈമറി ക്ലാസുകളിലും പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്ര ശിക്ഷാ കേരളം വഴി നടപ്പാക്കി വരുന്ന പദ്ധതികള്‍ ഇവയാണ് :-<br><br>1) ശിശുവികാസ മേഖലകളിലെ ശേഷികള്‍ ഉറപ്പാക്കാന്‍ ആകുന്ന പ്രവര്‍ത്തനങ്ങള്‍ ക്ലാസ് റൂമില്‍ ഒരുക്കാന്‍ അധ്യാപികമാരെ സഹായിക്കുന്ന താലോലം പ്രവര്‍ത്തന മൂലകള്‍ എല്ലാ അംഗീകാരമുള്ള പ്രീ പ്രൈമറി സ്കൂളുകളിലും സ്ഥാപിച്ചു.<br><br>2) ഓരോ സ്കൂളിലും ഒരുലക്ഷം രൂപ വീതം ചെലവഴിച്ച് 847 സ്കൂളുകളില്‍ ശിശു സൗഹൃദ ഫര്‍ണിച്ചര്‍, കളിയുപകരണങ്ങള്‍ തുടങ്ങിയ സൗകര്യങ്ങള്‍ ഒരുക്കി.<br><br>3) 15 ലക്ഷം രൂപ വീതം ചെലവഴിച്ച് 42 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരമുള്ള മാതൃകാ പ്രീ-പ്രൈമറി സ്കൂളുകളാക്കി മാറ്റി.<br><br>4) സര്‍ക്കാര്‍ അംഗീകൃത പ്രീ പ്രൈമറി സ്കൂളുകളില്‍ പ്രവര്‍ത്തന ഇടങ്ങള്‍ (ആക്ടിവിറ്റി ഏര്യ) സജ്ജമാക്കുന്നതിനുള്ള പദ്ധതിയാണ് വര്‍ണ്ണക്കൂടാരം. സ്റ്റാര്‍സ് പദ്ധതിയില്‍ ഉള്‍പ്പെടുത്തി പത്തുലക്ഷം രൂപ വീതം ചെലവഴിച്ച് വര്‍ണ്ണക്കൂടാരം പരിപാടി വഴി 608 പ്രീ-പ്രൈമറി സ്കൂളുകളെ അന്താരാഷ്ട്ര നിലവാരമുള്ള പ്രവര്‍ത്തന ഇടങ്ങളോട് കൂടിയ (Activity Areas) പ്രീ പ്രൈമറി സ്കൂളുകള്‍ ആക്കി മാറ്റി. 2022-23 വര്‍ഷത്തില്‍ 440 പ്രീ പ്രൈമറി സ്കൂളുകളില്‍ കൂടി |

| | | | |
|---|---|---|---|
| | | | ആകെ 44 കോടി രൂപ ചെലവഴിച്ച് ഈ പദ്ധതി നടപ്പിലാക്കി. 2023-24 വർഷത്തിൽ അനുമതി ലഭിച്ച 500 സ്കൂളുകളിൽ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br><br>5) സംസ്ഥാനത്തെ അംഗീകാരമുള്ള എല്ലാ പ്രീ-പ്രൈമറി സ്കൂളുകളിലും കുട്ടികളിൽ ഭാഷാ ശേഷികൾ ഉറപ്പാക്കുന്ന 'ഭാഷാ വികാസ ഇടങ്ങൾ' സജ്ജമാക്കി (സ്കൂൾ ഒന്നിന് 15000 രൂപ വീതം)<br><br>6) ബാലാവകാശ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് എസ്.സി.ഇ.ആർ.ടി. തയ്യാറാക്കി നൽകിയ പ്രീ സ്കൂൾ, പ്ലേ സ്കൂൾ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശം അടിസ്ഥാനമാക്കി സമഗ്രശിക്ഷാ കേരള പരിശീലനം നൽകിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ കഴിഞ്ഞ അധ്യയന വർഷം പ്രീ സ്കൂൾ മോണിറ്ററിംഗ് നടത്തുന്നതിന് എ.ഇ.ഒ., ഡി.ഇ.ഒ മാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 2024-25 അധ്യയന വർഷം സമഗ്ര ശിക്ഷാ കേരളം പ്രീസ്കൂൾ അധ്യാപകർക്ക് പരിശീലനം നടത്തുന്നതിന് ആവശ്യമായ മൊഡ്യൂളുകൾ വികസിപ്പിച്ചിട്ടുണ്ട്. അധ്യാപകർക്കുള്ള ജില്ലാതല പരിശീലന പരിപാടികൾ പൂർത്തിയായി വരുന്നു. സംസ്ഥാനത്തെ അംഗീകാരമുള്ള പ്രീ പ്രൈമറി സ്കൂളുകളിലെ എല്ലാ അധ്യാപികമാർക്കും 'കളിപ്പാട്ടം' അധ്യാപക സഹായി ലഭ്യമാക്കി കുട്ടികൾക്ക് പ്രവർത്തന പുസ്തകം സൗജന്യമായി വിതരണം ചെയ്തു. സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അംഗീകാരമുള്ള എല്ലാ പ്രീ പ്രൈമറി സ്കൂളുകളിലും സാങ്കേതികവിദ്യ സഹായത്തോടുകൂടിയ വിദ്യാഭ്യാസത്തിനുള്ള സൗകര്യമൊരുക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| (ബി) | പ്രീ-സ്കൂളുകൾക്ക് പ്രത്യേക പാഠ്യപദ്ധതിയും പാഠപുസ്തകവും തയ്യാറാക്കിയിട്ടുണ്ടോ; | (ബി) | 2019ൽ തയ്യാറാക്കിയ 'കളിത്തോണി' പഠന സാമഗ്രികളും അതിനെ ആസ്പദമാക്കിയുള്ള 'കളിപ്പാട്ടം' അധ്യാപകസഹായിയുമാണ് 2024-25 വർഷം നടപ്പാക്കുന്നത്. പാഠപുസ്തകമെന്ന നിലയിലല്ല പ്രവർത്തന കാർഡുകൾ എന്ന നിലയിലാണ് പ്രീ സ്കൂൾ വിഭാഗത്തിലുള്ള കുട്ടികൾക്കായി പഠനസാമഗ്രികൾ നിലവിൽ തയ്യാറാക്കിയിട്ടുള്ളത്. എസ്.സി.ഇ.ആർ.റ്റി പ്രീ സ്കൂൾ പാഠ്യ പദ്ധതി ചട്ടക്കൂട് 2023 രൂപീകരിച്ചിട്ടുണ്ട്. ഇതിനെ ആസ്പദമാക്കിയുള്ള പ്രവർത്തന കാർഡുകളുടെ നിർമ്മാണവും അധ്യാപക സഹായി രൂപീകരണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. 2025-26 അധ്യായന വർഷം മുതൽ പ്രീ സ്കൂൾ വിഭാഗത്തിന് പുതിയ പഠന സാമഗ്രികൾ |

| | | | |
|---|---|---|---|
| | | | പാഠ്യപദ്ധതി മാറ്റത്തിന്റെ സവിശേഷതകൾ ഉൾക്കൊണ്ടു കൊണ്ട് നടപ്പിലാക്കുവാൻ സാധിക്കും. |
| (സി) | കുഞ്ഞുങ്ങളുടെ ഭാഷാശേഷി വളർത്താൻ പ്രത്യേക സിലബസ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | ശാരീരിക ചാലക വികാസമേഖല, ഭാഷാവികാസമേഖല, വൈജ്ഞാനിക വികാസ മേഖല, സാമൂഹികവും വൈകാരികവുമായ വികാസ മേഖല, സർഗാത്മകവും സൗന്ദര്യാത്മകവുമായ വികാസ മേഖല എന്നിങ്ങനെയുള്ള വികാസ മേഖലകൾക്കാണ് പ്രീ സ്കൂൾ വിദ്യാഭ്യാസത്തിൽ പരിഗണന നൽകുന്നത്. കുട്ടിയുടെ അനുഭവ സീമയിൽപ്പെടുന്ന മണ്ണ്, ജലം, ആഹാരം, വസ്ത്രം, പാർപ്പിടം, സസ്യങ്ങൾ, ജന്തുക്കൾ, ഗതാഗതം തുടങ്ങിയ പ്രമേയങ്ങളെ (തീം) അടിസ്ഥാനപ്പെടുത്തിയും വികാസ മേഖലയെ ആധാരപ്പെടുത്തിയുമുള്ള ശേഷികൾ കൈവരിക്കുന്നതിന് സഹായകമായ അനുഭവങ്ങളാണ് പ്രീ സ്കൂൾ അനുഭവം ഒരുക്കുമ്പോൾ പരിഗണിക്കുന്നത്. കുട്ടികളുടെ പ്രകൃതം, വികസനാവശ്യങ്ങൾ, താല്പര്യങ്ങൾ എന്നിവ കണക്കിലെടുക്കുമ്പോൾ സമഗ്രമായ വികാസം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ് ആവശ്യം. പാഠ്യപദ്ധതി രൂപീകരണ പ്രക്രിയയിൽ എല്ലാ വികാസമേഖലകളേയും പരിഗണിച്ചു കൊണ്ടാണ് പഠന സാമഗ്രികൾ തയ്യാറാക്കുന്നത്. 3, 4 വയസ്സ് പ്രായത്തിലുള്ള കുട്ടികൾ കൈവരിക്കേണ്ട ഭാഷാശേഷികൾ അന്തർദേശീയ, ദേശീയ പാഠ്യപദ്ധതികൾ പരിശോധിച്ച് തയ്യാറാക്കിയിട്ടുണ്ട്. ഒരു വികാസമേഖലയെന്ന നിലയിൽ പരിഗണിച്ചാണ് ഭാഷാശേഷി വികസനത്തിനും പ്രവർത്തനങ്ങൾ ഒരുക്കുന്നത്. |
| (ഡി) | 'വർണ്ണകൂടാരം' പദ്ധതിയുടെ പുരോഗതി വലിയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സമഗ്രശിക്ഷാ കേരളം 'വർണ്ണകൂടാരം' പദ്ധതി പുരോഗതി പ്രതി മാസം വിലയിരുത്തുന്നതിനുള്ള ഫോർമാറ്റ് തയ്യാറാക്കുകയും അത് വർണ്ണക്കൂടാരം നിർവ്വഹണ മാർഗ്ഗരേഖയുടെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ട്. പ്രതിമാസ പുരോഗതി വിലയിരുത്തുന്നതിനുള്ള ചുമതല ബി.ആർ.സി ട്രെയിനർ/ക്ലസ്റ്റർ റിസോഴ്സ് സെൻറർ കോ-ഓർഡിനേറ്റർക്കാണ്. മോണിറ്ററിംഗ് സംബന്ധിച്ച് വർണ്ണക്കൂടാരം മോണിറ്ററിംഗ് ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ വേളയിലും പദ്ധതി പൂർത്തീകരിച്ച ശേഷവും വർണ്ണക്കൂടാരം സന്ദർശിക്കുന്ന വിദ്യാഭ്യാസ വകുപ്പ് ഓഫീസർമാർക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന വിലയിരുത്തൽ ഫോർമാറ്റ് വർണ്ണക്കൂടാരം മാർഗ്ഗരേഖയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഗുണഫലം പ്രീ-പ്രൈമറി കുട്ടികൾക്ക് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ സൂചകങ്ങൾ വിലയിരുത്തൽ ഫോർമാറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ